# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5731** — **02.07.2019 ലെ മറുപടി**

## ജലസ്രോതസ്സുകൾ നശിപ്പിക്കുന്നവർക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ. മാക്സി : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ജലസ്രോതസ്സുകൾ യഥാസമയം പരിപാലിക്കാതെയും, ജനങ്ങളുടെ അതിക്രമത്താലും മറ്റു ഇടപെടലുകളുടെയും ഫലമായി മലിനമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്തെ ജലസ്രോതസ്സുകൾ മലിനീകരണത്തിനും കയ്യേറ്റത്തിനും വിധേയമാകുന്നുവെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. നഗരവൽക്കരണം, ഭൂവിനിയോഗത്തിൽ വന്ന മാറ്റം, ഭൂമിയുടെ തുണ്ടവൽക്കരണം, അശാസ്ത്രീയമായ കൃഷിരീതികൾ, ജീവിതശൈലിയിൽ വന്നമാറ്റം എന്നിവ ജലസ്രോതസ്സുകൾക്ക് മേൽ വലിയ സമ്മർദ്ദമാണ് ചെലുത്തുന്നത്. കുളങ്ങൾ, തടാകങ്ങൾ എന്നിവയുടെ പൂർണ്ണനിയന്ത്രണാധികാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കാണ്. |
| (ബി) ഇത്തരത്തിൽ അമ്പത് ശതമാനത്തിലേറെ മലിനമായികിടക്കുന്ന പ്രധാന ജലസ്രോതസ്സുകൾ ഉൾപ്പെടെയുള്ളവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പഠനമനുസരിച്ച് കണ്ടെത്തിയ ഇന്ത്യയിലെ 351 പൊല്യൂട്ടട് റിവർ സ്ട്രെച്ചുകളിൽ 21 എണ്ണം കേരളത്തിൽ ഉൾപ്പെടുന്നു. ഇതിൽ കരമന നദിയുടെ സ്ട്രെച്ച് priority 1-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഭാരതപ്പുഴ, കടമ്പ്രയാർ, കീച്ചേരി, മണിമല, പമ്പ, എന്നീ നദികളുടെ സ്ട്രെച്ചുകൾ priority-IV –ലും ഭവാനി, ചിത്രപ്പുഴ, കടലുണ്ടി, കല്ലായി, കരുവന്നൂർ, കവ്വായി കുപ്പം, കുറ്റിയാടി, മോർഗൽ, പെരിയാർ, പെരുവമ്പ, പുഴയ്ക്കൽ, രാമപുരം, തിരൂർ, ഉപ്പള എന്നീ നദികളുടെ സ്ട്രെച്ചുകൾ priority-V –ലും ഉൾപ്പെടുന്നു. |

(സി) ഇവയെ സംരക്ഷിക്കാനും, നിലനിർത്താനും സംരക്ഷണം-വിനിയോഗം-പരിപാലനം എന്നിവ ഉറപ്പ് വരുത്താനുമായി സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നു വ്യക്തമാക്കുമോ;

(സി) ജലസ്രോതസ്സുകളുടെ സംരക്ഷണം ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾ ജലസേചനവകുപ്പ് നിർവ്വഹിച്ചുവരുന്നു. ജലസ്രോതസ്സുകളുടെ ശുചീകരണം, സംഭരണശേഷി വർദ്ധിപ്പിക്കൽ, പാർശ്വ സംരക്ഷണം എന്നീ പ്രവൃത്തികൾ നിർവ്വഹിക്കുന്നു. ഇതോടൊപ്പം ഇത്തരം പ്രവൃത്തികൾ കൂടുതൽ ശാസ്ത്രീയമായി നിർവ്വഹിക്കുന്നതിന് സമഗ്രനീർത്തടാധിഷ്ഠിത പരിപാലനം ആവശ്യമാണ്. ഇത് ലക്ഷ്യമിട്ട് കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നീർത്തടപ്ലാനും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നീർത്തടമാസ്റ്റർപ്ലാനും തയ്യാറാക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുൻഗണനാക്രമത്തിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്. ഇവ നിർവ്വഹിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. എന്നാൽ വിവിധ ഏജൻസികളുടെ ഏകോപനത്തോടുകൂടിയ പ്രവർത്തനം സാധ്യമാക്കിയാൽ മാത്രമേ ജലസ്രോതസ്സുകളുടെ സമഗ്രവും സുസ്ഥിരവുമായ പരിപാലനം സാധ്യമാക്കാൻ കഴിയൂ.

(ഡി) ജലസ്രോതസ്സുകളെ നശിപ്പിക്കുന്ന പ്രവൃത്തികളിലേർപ്പെടുന്നവരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ ഉറപ്പ് വരുത്താൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു;

(ഡി) ജലസ്രോതസ്സുകൾ നശിപ്പിക്കുക, മലിനപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികളിൽ ഏർപ്പെടുന്നവർക്കെതിരെ താഴെപ്പറയുന്ന നിയമങ്ങളനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

1. ജലമലിനീകരണനിയന്ത്രണ നിയമം, 1974
2. കേരള പഞ്ചായത്തീരാജ് നിയമം, 1994

3. കേരള നഗരപാലികാ നിയമം, 1994

4. കേരള ജലസേചനവും ജലസംരക്ഷ ണവും (ഭേദഗതി) നിയമം, 2018

5. കേന്ദ്ര തണ്ണീർത്തട നോട്ടിഫിക്കേഷൻ, 2017

ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജലം (മലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം മലിനീകരണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകുമെന്നതിനാൽ ഈ സ്ഥാപനങ്ങളെ ജല നിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടു വന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. ഇപ്രകാരം മലിനീകരണത്തിന് കാരണമാകാവുന്ന വ്യവസായ സ്ഥാപനങ്ങൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും എതിരെ നിലവിലെ ജലനിയമപ്രകാരം നടപടി സ്വീകരിക്കുവാൻ സാധിക്കും. ഇത്തരം സ്ഥാപനങ്ങളെ അടച്ചുപൂട്ടുന്നതിനും നഷ്ടപരിഹാരം ഈടാക്കുന്നതിനും ടി നിയമത്തിൽ വ്യവസ്ഥയുണ്ട്.

ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ തദ്ദേശ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്,

ആരോഗ്യ വകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ്, പോലീസ് എന്നീ വകുപ്പുകൾ ചേർന്ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു.

ജലമലിനീകരണം തടയുന്നതിനായി ശിക്ഷാനടപടികൾ ശക്തമാക്കിക്കൊണ്ടുള്ള കേരള ജലസേചന-ജലസംരക്ഷണ (ഭേദഗതി) നിയമം 2018 (Act 16 of 2018) നിലവിലുണ്ട്. ഇതനുസരിച്ച് ശിക്ഷയുടെ കാലാവധി ചുരുങ്ങിയത് ഒരു വർഷവും പരമാവധി മൂന്ന് വർഷവുമായി വർദ്ധിപ്പിക്കുകയും പിഴ പരമാവധി രണ്ട് ലക്ഷം രൂപയാക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) കഴിഞ്ഞ പത്ത് വർഷകാലയളവിൽ ജലസ്രോതസ്സുകളെ നശിപ്പിക്കുന്ന പ്രവൃത്തികളിലേർപ്പെട്ട എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ?

(ഇ) തദ്ദേശസ്വയംഭരണം, റവന്യൂ വകുപ്പുകളാണ് ജലസ്രോതസ്സുകൾ നശിപ്പിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നത്.

സെക്ഷൻ ഓഫീസർ